# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 10.06.2024**

### പ്രധാനവാർത്തകൾ

1.) പ്രധാനമന്ത്രിയുടെ ഓഫീസ് സേവന കേന്ദ്രമായാണ് കരുതുന്നതെന്നും ജനങ്ങളുടെ പ്രധാനമന്ത്രിയായിരിക്കാനാണ് പരിശ്രമിക്കുന്നതെന്നും ശ്രീ നരേന്ദ്ര മോദി.

2.) മദ്യനയവുമായി ബന്ധപ്പെട്ട് സംസ്ഥാന നിയമസഭയിൽ ഇന്ന് പ്രതിപക്ഷ ബഹളം; നടപടികൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു.

3.) കേരള പഞ്ചായത്തീരാജ് രണ്ടാം ഭേദഗതി ബിൽ, കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ബിൽ എന്നിവ നിയമസഭ പാസാക്കി.

4.) ഓണത്തിന് മുൻപ് സംസ്ഥാനത്ത് ആയിരം കെ സ്റ്റോറുകൾ പ്രവർത്തന സജ്ജമാക്കുമെന്ന് മന്ത്രി ജി ആർ അനിൽ.

5.) സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; ഇന്ന് 10 ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

**6.) ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക , ബംഗ്ലാദേശ് പോരാട്ടം.**

&&&&&&&&&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി- ഓഫീസ്</u>

പ്രധാനമന്ത്രിയുടെ ഓഫീസ് സേവന കേന്ദ്രമാണെന്നും ജനങ്ങളുടെ പ്രധാനമന്ത്രിയായിരിക്കാനാണ് നിരന്തരം പരിശ്രമിക്കുന്നതെന്നും വ്യക്തമാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി. മൂന്നാം തവണയും പ്രധാനമന്ത്രിയായി അധികാരമേറ്റ ശേഷം ഉദ്യോഗസ്ഥരെയും ജീവനക്കാരെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യം നേടിയതിനേക്കാൾ കൂടുതൽ നേട്ടങ്ങൾ കൈവരിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. സർക്കാർ ജീവനക്കാരുടെ സംഭാവനകളെ പ്രശംസിച്ച ശ്രീ മോദി ഓരോ കേന്ദ്ര സർക്കാർ ജീവനക്കാരനും തിരഞ്ഞെടുപ്പ് വിജയത്തിൽ പങ്കുണ്ടെന്നും വ്യക്തമാക്കി.

RNUTVPM

&&&&&&&&&&&&&&&&&&&&&&&

<u>ആദ്യ മന്ത്രിസഭാ യോഗം</u>

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ 18 ആം ലോക്സഭയിലെ ആദ്യ മന്ത്രിസഭാ യോഗം ചേർന്നു . പ്രധാനമന്ത്രിയുടെ ന്യൂഡൽഹിയിലെ വസതിയിലാണ് പുതിയ എൻഡിഎ സർക്കാരിൻ്റെ യോഗം. ഇന്നലെ രാഷ്ട്രപതി ഭവനിൽ 30 പേരാണ് ക്യാബിനറ്റ് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തത് . വകുപ്പുകളുടെ പ്രഖ്യാപനം ഇനിയും നടന്നിട്ടില്ല .

&&&&&&&&&&&&&&&&&&&&&&&

## സിക്കിം - സത്യപ്രതിജ്ഞ

സിക്കിം മുഖ്യമന്ത്രിയായി എസ് കെ എം നേതാവ് പ്രേം സിങ് തമാങ് ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ സത്യവാചകം ചൊല്ലിക്കൊടുത്തു. ഗാങ്ടോക്കിലെ പാൽജോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ 11 മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു. ഇത് രണ്ടാം തവണയാണ് ശ്രീ തമാങ് മുഖ്യമന്ത്രിയാകുന്നത്.

&&&&&&&&&&&&&&&&&&&&&&&

## നിയമസഭ

മദ്യനയവുമായി ബന്ധപ്പെട്ട പ്രതിപക്ഷ ബഹളത്തെ തുടർന്ന് സംസ്ഥാന നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്തു നിന്നും റോജി എം ജോൺ അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകി. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് വിജിലൻസ് - ജുഡീഷ്യൽ അന്വേഷണങ്ങൾ പ്രഖ്യാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മദ്യ മുതലാളിമാരെ സഹായിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാരിന്റേതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. വിഷയത്തിൽ തെറ്റായ വാദഗതിയാണ് പ്രതിപക്ഷം ഉന്നയിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി. പ്രാഥമിക ചർച്ച പോലും നടത്തിയിട്ടില്ലാത്ത വിഷയം സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്ന് മന്ത്രി എം ബി രാജേഷ് അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചു. ഇതിൽ പ്രതിപക്ഷം നടുത്തളത്തിൽ ഇറങ്ങുകയും പിന്നീട് സഭ വിട്ടിറങ്ങുകയും ചെയ്തു. ബഹളം രൂക്ഷമായതിനെ

RNUTVPM

തുടർന്ന് നടപടികൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിയുകയാണെന്ന് സ്പീക്കർ അറിയിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&&&&&

## നിയമസഭ ബിൽ

2024-ലെ കേരള പഞ്ചായത്തീ രാജ് രണ്ടാം ഭേദഗതി ബിൽ, 2024-ലെ കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ബിൽ എന്നിവ ഇന്ന് നിയമസഭ പാസാക്കി. മന്ത്രി എം ബി രാജേഷ് ആണ് ബിൽ അവതരിപ്പിച്ചത്. പ്രതിപക്ഷ ബഹളത്തിനിടെയാണ് ബില്ലുകൾ പാസാക്കിയത്.

&&&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - സിദ്ധാർത്ഥൻ

വയനാട് പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിലെ വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണത്തിൽ നിയമനടപടി സ്വീകരിക്കുന്നതിൽ സർക്കാരിന് വീഴ്ച പറ്റിയിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ചോദ്യോത്തര വേളയിൽ വ്യക്തമാക്കി. സിദ്ധാർത്ഥന്റെ കുടുംബവുമായി കൂടിക്കാഴ്ച നടത്തിയ അന്ന് തന്നെ സിബിഐ അന്വേഷണത്തിനുള്ള ഉത്തരവ് സർക്കാർ പുറത്തിറക്കി. കേസിൽ കാര്യക്ഷമവും സുതാര്യവുമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

## ജി ആർ അനിൽ - നിയമസഭ

സംസ്ഥാനത്തെ മുൻഗണനാ റേഷൻ കാർഡുകളുടെ എണ്ണം വർധിപ്പിക്കാൻ നടപടി എടുക്കണം എന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയതായി മന്ത്രി ജി ആർ അനിൽ നിയമസഭയിൽ ചോദ്യോത്തരവേളയിൽ അറിയിച്ചു. അടുത്ത

PRD TVPM

ജനസംഖ്യാ കണക്കെടുപ്പ് പൂർത്തിയായാൽ മാത്രമേ ഇത് സംബന്ധിച്ച നടപടികളെക്കുറിച്ച് ആലോചിക്കാൻ സാധിക്കൂ എന്ന് കേന്ദ്രം മറുപടി നൽകിയിട്ടുണ്ട്. ഓണത്തിന് മുൻപ് സംസ്ഥാനത്ത് ആയിരം കെ സ്റ്റോറുകൾ പ്രവർത്തന സജ്ജമാകുമെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു. നിലവിൽ സംസ്ഥാനത്ത് 488 റേഷൻ കടകളാണ് കെ സ്റ്റോറുകളായി പ്രവർത്തിച്ചു വരുന്നത്.

&&&&&&&&&&&&&&&&&&&&&&&

## നിയമസഭാ വാർത്തകൾ

കൂടുതൽ നിയമസഭാ വാർത്തകൾ പ്രാദേശിക വാർത്തകൾക്ക് ശേഷം കേൾക്കാവുന്നതാണ്.....

&&&&&&&&&&&&&&&&&&&&&&&

RNUTVPM

## സർക്കാർ ജീവനക്കാർ - പഠനം

സർക്കാർ ജീവനക്കാർക്ക് സായാഹ്ന / പാർട്ട് ടൈം / വിദൂര വിദ്യാഭ്യാസ / ഓൺലൈൻ കോഴ്സുകളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനം മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. കോഴ്സ് തുടങ്ങുന്നതിന് 2 മാസം മുൻപ് വകുപ്പ് മേധാവിക്ക് അപേക്ഷ നൽകണം. അപേക്ഷയിൽ 15 ദിവസത്തിനുള്ളിൽ വകുപ്പ് മേധാവി തീരുമാനമെടുക്കണം. ജോലി ചെയ്യുന്ന സ്ഥാപനവുമായി 30 കിലോമീറ്റർ ദൂരത്തിനകത്തുള്ള സ്ഥാപനങ്ങളിൽ മാത്രമേ ഉപരി പഠനം നടത്തുന്നതിന് അനുമതി നൽകുകയുള്ളൂ. മുൻകൂർ അനുമതി കൂടാതെ പഠനം നടത്തുന്ന ജീവനക്കാർക്കെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കാമെന്നും മാർഗ്ഗ നിർദ്ദേശത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&&&&&&

**എൽ ഡി എഫ് കൺവീനർ**

രാജ്യസഭയിൽ ഒഴിവു വരുന്ന സീറ്റുകളിലേക്ക് സിപിഐ , കേരളാ കോൺഗ്രസ് മാണി ഗ്രൂപ്പ് സ്ഥാനാർത്ഥികൾ മത്സരിക്കുമെന്ന് എൽ ഡി എഫ് കൺവീനർ ഇ.പി. ജയരാജൻ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുന്നണികൾക്കായി വിട്ടുവീഴ്ച ചെയ്യുന്ന പാർട്ടിയായ സിപിഐഎം രാജ്യത്തെ ജനങ്ങളുടെ പ്രതീക്ഷയാണ് എന്നും ഇ പി ജയരാജൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

**മുസ്ലിം ലീഗ് - രാജ്യസഭ**

ഹാരിസ് ബീരാനെ മുസ്ലിം ലീഗിന്റെ രാജ്യസഭാ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് ചേർന്ന മുസ്ലിം ലീഗ് നേതൃ യോഗത്തിന് ശേഷം മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ സാദിഖലി ശിഹാബ് തങ്ങൾ ആണ് പ്രഖ്യാപനം നടത്തിയത്. കെഎംസിസി ദില്ലി ഘടകം പ്രസിഡന്റും സുപ്രീംകോടതി അഭിഭാഷകനുമാണ് ഹാരിസ്.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&

**ഇടുക്കി (ഇൻട്രോ)**

മഴ കനക്കും മുമ്പെ കൊക്കോ കായ്കൾക്ക് ചീയൽ രോഗം പിടിപെടുന്നതും ഉല്പാദന കുറവും ഇടുക്കിയിലെ കർഷകർക്ക് തിരിച്ചടിയാകുന്നു. റെക്കോഡ് വിലയിൽ ഇടിവ് സംഭവിച്ചിട്ടുണ്ടെങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോഴും കൊക്കോയ്ക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........

(ഹോൾഡ് - വോയിസ്)

&&&&&&&&&&&&&&&&&&&&&&&

<u>ടി-ട്വൻറി</u>

ലോകകപ്പ് ട്വൻറി-20 ക്രിക്കറ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക , ബംഗ്ലാദേശ് പോരാട്ടം. ന്യൂയോർക്കിലെ ഇൻറർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&

<u>മഴ - സംസ്ഥാനം</u>

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ശക്തമായ കാറ്റിനും വ്യാപക മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഒഴികെയുള്ള 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നൽകി. കേരള – തമിഴ്നാട് തീരങ്ങളിൽ ഇന്ന് രാത്രി ഉയർന്ന തിരമാലക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&&&&&&

<u>പരീക്ഷണം നാളെ</u>

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള മുന്നറിയിപ്പ് സൈറണുകളുടെ പ്രവർത്തന പരീക്ഷണം നാളെ നടക്കും. കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി, സ്ഥാപിച്ച 85 സൈറണുകളുടെ പ്രവർത്തന പരീക്ഷണമാണ് നടക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ എട്ട് സ്ഥലങ്ങളിൽ സ്ഥാപിച്ച സൈറണുകൾ രാവിലെ

RNU TVPM

മുതൽ പല സമയങ്ങളിലായി മുഴങ്ങും. സൈറണുകൾ മുഴങ്ങുമ്പോൾ ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

## സുരേഷ് ഗോപി

കേന്ദ്ര മന്ത്രിസഭയിൽ നിന്നും താൻ രാജിവയ്ക്കുമെന്ന തരത്തിലുള്ള വാർത്തകൾ തെറ്റാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേരളത്തിന്റെ വികസനത്തിനായി നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. പ്രധാനമന്ത്രിയ്ക്കൊപ്പമുള്ള ചിത്രം പങ്കു വച്ചാണ് ശ്രീ സുരേഷ് വിഷയത്തിൽ പ്രതികരണം അറിയിച്ചത്.

&&&&&&&&&&&&&&&&&&&&&&&

## യുഡിഎഫ് - പ്രതിഷേധം മാറ്റിവച്ചു

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി മറ്റന്നാൾ വയനാട് ലോക്സഭാ മണ്ഡലത്തിൽ എത്തുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി ജനറൽ കൺവീനർ എ.പി.അനിൽകുമാർ എം.എൽ.എ അറിയിച്ചു. രാഹുൽ ഗാന്ധിയുടെ വയനാട് സന്ദർശനത്തോട് അനുബന്ധിച്ച് യു.ഡി.എഫ് സംസ്ഥാന ഏകോപന സമിതി യോഗം മാറ്റി വച്ചു. എൽഡിഎഫ് സർക്കാരിനെതിരെ ബാർകോഴ അഴിമതി ആരോപിച്ച് മറ്റന്നാൾ യുഡിഎഫിൻറെ നേതൃത്വത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന പ്രതിഷേധ മാർച്ചും മാറ്റിയതായി യുഡിഎഫ് കൺവീനർ എം എം ഹസൻ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

RNUTVPM